"ഭരണഭാഷ – മാതൃഭാഷ"

കേരളസംസ്ഥാനം

വ്യാവസായിക പരിശീലന വകുപ്പ്

ട്രെയിനിംഗ് ഡയറക്ടറേറ്റ്,തൊഴിൽ ഭവൻ വികാസ് ഭവൻ പി ഒ,തിരുവനന്തപുരം-33

PH :0471-2303856, ഇ മെയിൽ-cru.dttvpm@kerala.gov.in

---

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: ഷമ്മി ബേക്കർ എ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ജീവനക്കാര്യം-വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിൽ സ്ഥലം മാറ്റം/ സ്ഥാനകയറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-

1. 21.01.25 ലെ DT/3972/2024-A9 നമ്പർ ആയി പ്രസിദ്ധീകരിച്ച LGS തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
2. 11.04.2025,23.04.2025,05.06.2025,15.07.2025 ലെ DT/554/2025-A6 നമ്പർ ആയുള്ള ജോയിന്റ് ഡയറക്ടറുടെ ഉത്തരവുകൾ.
3. DT/554/2025-A6 നമ്പർ ആയുള്ള ജോയിന്റ് ഡയറക്ടറുടെ 11.07.2025 ലെ ഉത്തരവ്
4. ജോയിന്റ് ഡയറക്ടറുടെ DT/5055/2024-A2 നമ്പർ ആയുള്ള 25.08.2025 ലെ ഉത്തരവ്
5. വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിൽ സേവനത്തിലുള്ള ജീവനക്കാർ സമർപ്പിച്ച സ്ഥലം മാറ്റ അപേക്ഷകൾ

**ഉത്തരവ് നമ്പർ: DT/554/2025-A6 തീയതി: 17-09-2025**

പരാമർശം (3) പ്രകാരം 2025 വർഷത്തെ വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലെ പൊതു സ്ഥലം മാറ്റം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലെ നിലവിലെ ഒഴിവിൽ സ്പാർക്ക് ജനറേറ്റ് ചെയ്ത ക്യൂ ലിസ്റ്റ് പ്രകാരം അർഹനായ താഴെ പറയുന്ന ക്രമ (1) ലെ ജീവനക്കാരന് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 2025 പൊതു സ്ഥലം മാറ്റ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം പരാമർശം (2) ഉത്തരവുകൾ പ്രകാരം വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലേക്ക് സ്ഥാന കയറ്റം ലഭ്യമായ വിവിധ ജീവനക്കാർ പരാമർശം (4) പ്രകാരം സ്ഥലം മാറ്റ അപേക്ഷകൾ ലഭ്യമാക്കിയിരുന്നു. ക്രമ നം 2 മുതൽ 13 വരെയുള്ള ജീവനക്കാർക്ക്, അവർ സമർപ്പിച്ച സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിച്ച് താഴെ പറയും പ്രകാരം സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ക്രമ നം 14 ആയ ജീവനക്കാരൻറെ സീനിയർ ആയ

ജീവനക്കാരുടെ (ക്രമ നം 9,10)സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കുന്നതിൻറെ ഫലമായി ക്രമ നം 14 ആയ ജീവനക്കാരനെ മാറ്റി നിയമിക്കുന്നു.

| ക്രമ നം | പേര്/തസ്തിക/ സ്ഥാപനം | സ്ഥലം മാറ്റം നൽകി നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|
| 1 | അഖിൽ രാജ് ആർ ജെ<br>വർക്ക്ഷോപ്പ് അറ്റന്റർ (മെഷിനിസ്റ്റ്)<br>ഐടിഐ കളമശേരി | ഐടിഐ ചാക്ക | Option 1 |
| 2 | വൈശാഖ് ബി<br>വർക്ക്ഷോപ്പ് അറ്റന്റർ (ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)<br>ഐടിഐ(വനിത) കണ്ണൂർ | ഐടിഐ കായംകുളം | Application |
| 3 | രാജേഷ് സി<br>വർക്ക്ഷോപ്പ് അറ്റന്റർ (വയർമാൻ)<br>ഐടിഐ അരീക്കോട് | ഐടിഐ ആര്യനാട് | Application |
| 4 | ബിനിൽകുമാർ എം<br>വർക്ക്ഷോപ്പ് അറ്റന്റർ (ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)<br>ഐടിഐ (വനിത) നെന്മേനി | ഐടിഐ(വനിത) താഴെക്കോട് | Application |
| 5 | നിധിൻ കെ.എം<br>വർക്ക്ഷോപ്പ് അറ്റന്റർ (ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)<br>ഐടിഐ (വനിത) മെഴുവേലി | ഐടിഐ എറിയാട് | Application |
| 6 | ജസ്റ്റിൻ ദേവസ്യ<br>വർക്ക്ഷോപ്പ് അറ്റന്റർ (ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | ഐടിഐ (വനിത) മെഴുവേലി | Application |

| | | | |
|---|---|---|---|
| | ഐടിഐ എറിയാട് | | |
| **7** | ചക്രവർത്തിനി വി<br>വർക്ക്ഷോപ്പ് അറ്റന്റർ<br>(ഇലക്ട്രീഷ്യൻ)<br>ഐടിഐ ചെന്നീർക്കര | ഐടിഐ<br>ചന്ദനതോപ്പ് | **Application** |
| **8** | അനീഷ് പി സി<br>വർക്ക്ഷോപ്പ് അറ്റന്റർ<br>(RACT)<br>ഐടിഐ കളമശേരി | ഐടിഐ ചെങ്ങന്നൂർ | **Application** |
| **9** | വിധുനാഥ് വി ജെ<br>വർക്ക്ഷോപ്പ് അറ്റന്റർ<br>(ഫിറ്റർ)<br>ഐടിഐ മാള | ഐടിഐ<br>ചെങ്ങന്നൂർ | **Application** |
| **10** | ജയപ്രകാശ് വി<br>വർക്ക്ഷോപ്പ് അറ്റന്റർ<br>(ഫിറ്റർ)<br>ഐടിഐ ചെങ്ങന്നൂർ | ഐടിഐ ചന്ദനതോപ്പ് | **Application** |
| **11** | സനത്ത് വി.ടി<br>വർക്ക്ഷോപ്പ് അറ്റന്റർ<br>(RACT)<br>ഐടിഐ വയലാർ | ഐടിഐ കളമശേരി | **Application** |
| **12** | നിക്കോയ തോമസ്<br>വർക്ക്ഷോപ്പ് അറ്റന്റർ<br>(ഇലക്ട്രീഷ്യൻ)<br>ഐടിഐ<br>ചാലക്കുടി | ഐടിഐ ചെന്നീർക്കര | **Application** |
| **13** | അഖിൽ നാഥ് വി<br>വർക്ക്ഷോപ്പ് അറ്റന്റർ<br>(ഡ്രാഫ്റ്റ്സ്മാൻ<br>(സിവിൽ)<br>ഐടിഐ<br>ബേപ്പൂർ | ഐടിഐ(വനിത)<br>കണ്ണൂർ | **Application** |
| **14** | സജിൻ ആർ.എ<br>വർക്ക്ഷോപ്പ് അറ്റന്റർ<br>(ഫിറ്റർ)<br>ഐടിഐ ചന്ദനതോപ്പ് | ഐടിഐ മാള | **Rearrangement** |

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും NTC/NAC യോഗ്യതയുള്ള ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാൻ 04.02.2025 ലെ DT/554/2025-A6 നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിരുന്നു. വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവുകൾ പ്രകാരം 39 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലേക്ക് സ്ഥാന കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (3) പ്രകാരം വിവിധ ട്രേഡുകളിലെ വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലെ ജീവനക്കാർക്ക് ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാന കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും NTC/NAC യോഗ്യതയുള്ള ജീവനക്കാരുടെ വിവരങ്ങൾ സ്ഥാപന മേധാവികൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപെട്ടതും സ്ഥാന കയറ്റത്തിന് അർഹതയുള്ളതുമായ താഴെ പറയുന്ന ജീവനക്കാർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം 3(4), KS&SSR ചട്ടം 31(എ) (1) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ 25100-57900 രൂപ ശമ്പള നിരക്കിൽ അവരുടെ പേരിന് നേരെ പരാമർശിക്കുന്ന സ്ഥാപനങ്ങളിലെ ട്രേഡുകളിൽ വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിൽ തസ്തിക മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്/സ്ഥാപനം | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നം | ട്രേഡ് | ഉദ്യോഗ കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | സുജിത്ത് പി എസ് ഐടിഐ മാള | 1491 | മെക്കാനിക്ക് മോട്ടാർ വെഹിക്കിൾ | ഐടിഐ മാള |
| 2 | അഖിൽ സി ഐടിഐ അരീക്കോട് | 1520 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | ഐടിഐ അരീക്കോട് |
| 3 | റസൂൽ ഖാൻ ഐടിഐ മലമ്പുഴ | 1526 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | ഐടിഐ ബേപ്പൂർ |

തസ്തിക മാറ്റം വഴി ഉദ്യോഗ കയറ്റം ലഭിച്ച ജീവനക്കാരുടെ തുടർന്നുള്ള സ്ഥാന കയറ്റങ്ങൾ കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവീസ് റൂൾസ് ചട്ടം **-6** ലെ വ്യവസ്ഥകൾക്ക് വിധേയമാണ്.

വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലെ പ്രോമോഷനുമായി ബന്ധപ്പെട്ട് വകുപ്പിലെ ജീവനക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ചിട്ടുള്ള **OA 2382/2021 & OA 183/2023** ഹർജ്ജിയിന്മേൽ **20.09.2023** തീയതിയിൽ ട്രൈബ്യൂണൽ ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ വകുപ്പിലെ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം മേല്പറഞ്ഞ ഹർജ്ജിയിന്മേലുള്ള അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്ന് ഉത്തരവായിട്ടുണ്ട്.ആയതിനാൽ ഈ ഉത്തരവ് പ്രകാരമുള്ള സ്ഥാനകയറ്റം പ്രസ്തുത കോടതി ഉത്തരവിന് വിധേയമായി പുനഃപരിശോധിക്കേണ്ട സാഹചര്യമുണ്ടാകുമെങ്കിൽ ഈ ബൈ ട്രാൻസ്ഫർ നിയമനം പുനഃപരിശോധിക്കുന്നതാണ്.

**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

Signed by
Shammi Baker A
Date: 17-09-2025 12:29:46

സ്വീകർത്താവ്:-
ബന്ധപെട്ട ജീവനക്കാർക്ക്(മേലധികാരി മുഖേന)
പകർപ്പ്:-
ബന്ധപെട്ട സ്ഥാപനമേധാവികൾക്ക്
വകുപ്പ് വെബ്സൈറ്റ്